കേരളസർക്കാർ

ജലവിഭവവകുപ്പ് (ചെറുകിടജലസേചനഉപവിഭാഗം)

(ദർഘാസ് പരസ്യം)

നമ്പർ.ഡി1-155/15. തീയ്യതി:04/09/2020

ബഹു. കേരളഗവർണ്ണർക്ക വേണ്ടി പരപ്പനങ്ങാടി ചെറുകിട ജലസേചന ഉപവിഭാഗം അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർതാഴെ ചേർത്തിരിക്കുന്നപ്രവർത്തികൾക്ക് നിർദ്ദിഷ്ട യോഗ്യതയുള്ള അംഗീകൃതകരാറുകാരിൽനിന്നും മുദ്ര വെച്ചതും പ്രവർത്തിയുടെ പേരും നമ്പരും ആലേഖനംചെയ്തിട്ടുള്ളതുമായമുദ്രവച്ചകവറുകളിൽ മത്സരാടിസ്ഥാനത്തിലുള്ളദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു. ദർഘാസുകൾ ദർഘാസ് ദിവസം ഉച്ചക്കു ശേഷം3 മണി വരെസ്വീകരിക്കുന്നതുംഅന്നേദിവസം3.30 മണിക്ക് തത്സമയംഹാജരുള്ളകരാറുകാരുടെസാന്നിദ്ധ്യത്തിൽഅസി.എക്സിക്യൂട്ടീവ് എഞ്ചിനീയറോ അദ്ദേഹം അധികാരപ്പെടുത്തുന്നമറ്റു ഉദ്യോഗസ്ഥരോ ദർഘാസുകൾ തുറക്കുന്നതുമായിരിക്കും.പ്രസ്തുത ദിവസം സർക്കാർ അവധി പ്രഖ്യാപിക്കുകയാണെങ്കിൽ അതിനു തൊട്ടുപിന്നീടുള്ള ദിവസം ടി സമയത്ത് ദർഘാസുകൾ തുറക്കുന്നതാണ്.ദർഘാസുകൾരജിസ്റ്റേഡ് തപാൽ, സ്പീഡ് പോസ്റ്റ്എന്നിവവഴിമാത്രമേസ്വീകരിക്കുകയുള്ളൂ. കൊറിയർസർവീസ് വഴിഅയക്കുന്നതോ, നേരിട്ട് നൽകുന്നതോആയദർഘാസുകൾസ്വീകരിക്കുന്നതല്ല. തപാൽതകരാറുമൂലമോ മറ്റോ കാലതാമസം വന്നാൽ ഡിപ്പാർട്ടുമെൻറ് യാതൊരു കാരണവശാലും ഉത്തരവാദിത്വം ഏറ്റെടുക്കുന്നതല്ല. ദർഘാസിന്റെ കാലാവധി അത് സ്വീകരിക്കുന്ന തിയതി മുതൽ നാലുമാസം വരെ ആയിരിക്കും.

| ക്രമനമ്പർ | ദർഘാസ് നമ്പർ | പ്രവൃത്തിയുടെ പേര് | അടങ്കൽ തുക | നിരതദ്രവ്യം | പ്രമാണത്തിന്റെ വില | പ്രവൃത്തി തീർക്കേണ്ട കാലാവധി |
|---|---|---|---|---|---|---|
| 1 | 11/2020-21 | മലപ്പുറം ജില്ലയിലെ ബെഞ്ചാലി ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന്റെ 2020-21 വർഷത്തേക്കുള്ള വാർഷിക അറ്റകുറ്റപ്പണികൾ | 3,22,596/- | 8100/- | 750+മറ്റ് നികുതികൾ | 3മാസം |
| 2 | 12/2020-21 | മലപ്പുറം ജില്ലയിലെ ഉള്ളണം ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന്റെ 2020-21 വർഷത്തേക്കുള്ള വാർഷിക അറ്റകുറ്റപ്പണികൾ | 3,36,383/- | 8500/- | 750+മറ്റ് നികുതികൾ | 3മാസം |
| 3 | 13/2020-21 | മലപ്പുറം ജില്ലയിലെ മുള്ളങ്കുഴി ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന്റെ 2020-21 വർഷത്തേക്കുള്ള വാർഷിക അറ്റകുറ്റപ്പണികൾ | 3,21,065/- | 8100/- | 750+മറ്റ് നികുതികൾ | 3മാസം |

ദർഘാസ്ഫോറത്തിന്റെവിൽപ്പന : താഴെഒപ്പിട്ടിരിക്കുന്നഓഫീസിൽനിന്നും07/09/2020മുതൽ08/09/2020ഉച്ചക്ക് 1മണി വരെ

കരാറുകാരുടെ വിഭാഗം:ഡിയും അതിനു മുകളിലും

ദർഘാസ് തിയ്യതി : 15/09/2020

Office of the Asst. Executive Engineer Parappanangadi 676 303

ദർഘാസ് സ്വീകരിക്കൽ : ടെണ്ടർദിവസം 3 മണിവരെ

ദർഘാസ് തുറക്കൽ:ടെണ്ടർദിവസം 3.30 മണിവരെ

ദർഘാസ് പ്രമാണങ്ങളും മറ്റു വിവരങ്ങളും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും നിശ്ചിത സമയത്തിനു മുമ്പായി ദർഘാസ് ഫോറത്തിന്റെ വിലയും നികുതിയും റൊക്കം പണമായി അടച്ച് രേഖാമൂലം അപേക്ഷിച്ചാൽ ലഭിക്കുന്നതാണ്. ദർഘാസ് പ്രമാണത്തിനുവേണ്ടി അടക്കുന്ന തുക യാതൊരു കാരണവശാലും തിരികെ ലഭിക്കുന്നതല്ല. ദർഘാസ് പ്രമാണത്തിന്റെ ഏകദേശ വിലയാണ് മുകളിൽ കൊടുത്തിരിക്കുന്നത്. അപേക്ഷ സമർപ്പിക്കുമ്പോൾ യഥാർത്ഥ വില എത്രയെന്ന് ഓഫീസിൽ അന്വേഷിക്കേണ്ടതും ആയതും ചരക്ക് സേവന നികുതിയും ദർഘാസ് പ്രമാണത്തിനായി ഒടുക്കേണ്ടതുമാണ്. ദർഘാസിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന കരാറുകാരും ഐ.എസ്.ഐ. രജിസ്ട്രേഷൻ ഉള്ള പ്രവർത്തന പരിചയം ഉള്ളവരും (ലേബർ കോൺട്രാക്ട് സൊസൈറ്റി ഉൾപ്പെടെ) അവരുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ ഒറിജിനൽ സഹിതം നേരിട്ട് ഹാജരാകേണ്ടതാണ്. ലേബർ കോൺട്രാക്ട് സൊസൈറ്റികൾ അവർ ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികളുടെ ആകെ അടങ്കൽ തുകയുടെ സർട്ടിഫിക്കറ്റ് അതാത് രജിസ്ട്രാറിൽ നിന്നും വാങ്ങി ദർഘാസ് ഫോറത്തിനുള്ള അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

ദർഘാസ് പ്രമാണങ്ങൾ അംഗീകൃത കരാറുകാർക്ക് മാത്രം ലഭിക്കുന്നതും ഇവ കൈമാറ്റം ചെയ്യാൻ പാടില്ലാത്തതുമാണ്. ദർഘാസ് ദിവസം നിശ്ചിത സമയം വരെ ദർഘാസുകൾ സ്വീകരിക്കുന്നതാണ്. നിരതദ്രവ്യം പണമായി സ്വീകരിക്കുന്നതല്ല. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ അധികാരപ്പെടുത്തിയതും ആവശ്യമായ സ്റ്റാമ്പ് പതിച്ചതുമായ നിരതദ്രവ്യം ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. ദർഘാസിനൊപ്പം 225/- (ഇരുന്നൂറ്റി ഇരുപത്തി അഞ്ച്) രൂപയുടെ മുദ്ര പത്രത്തിൽ ശരിയായ വിധത്തിലുള്ള പ്രാഥമിക ഉടമ്പടി, ടി.ആർ.5 രശീതിയോ അതിന്റെ പകർപ്പോ എന്നിവ വയ്ക്കാത്ത ദർഘാസുകളും കവറിന്റെ പുറത്ത് പ്രവൃത്തിയുടെ പേരും ദർഘാസ് നമ്പറും എഴുതാത്ത ദർഘാസുകളും നിരസിക്കുന്നതാണ്. സർക്കാർ ഉത്തരവ് നമ്പർ (സാധ) 582/2012/ഡബ്ല്യൂ. ആർ.ഡി./തിരുവനന്തപുരം/ തിയ്യതി 16-05-2012 ൽ നിർദ്ദേശിച്ച പ്രകാരം കോർ ബാങ്കിങ് സംവിധാനമുള്ള ബാങ്കിലെ കരാറുകാരന്റെ അക്കൌണ്ട് നമ്പറും ഐ.എഫ്.എസ്. കോഡും ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ദർഘാസുകൾ നിരസിക്കുന്നതാണ്. ദർഘാസുകൾ സംബന്ധിച്ച ജലവിഭവ വകുപ്പിൽ നിലവിലുള്ള എല്ലാ ചട്ടങ്ങളും നിബന്ധനകളും ഈ ദർഘാസിനും ബാധകമായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ ഈ ഓഫീസിൽ അന്വേഷിക്കാവുന്നതാണ്.

Office of the Asst. Executive Engineer, Parappanangadi 676 303, Minor Irrigation Sub Division

(ഇ.സദാശിവൻ)

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

(ബഹു. കേരള ഗവർണർക്കുവേണ്ടി)

ചെറുകിടജലസേചനഉപവിഭാഗം

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെകാര്യാലയം, പരപ്പനങ്ങാടി